**കേരള കാർഷികസർവകലാശാല**
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050

നം : എ1 – 2551/2023 തീയ്യതി : 29.09.2023

## ക്വട്ടേഷൻ നോട്ടീസ്

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ എൽഡിവി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ജോലി ദിവസ വേതന ക്വട്ടേഷൻ അടിസ്ഥാനത്തിൽ ഒരു വർഷക്കാലം ചെയ്യുവാൻ താല്പര്യമുള്ള, ഒരു വർഷത്തിൽ കുറയാതെ കാലാവധിയുള്ള എൽ എം വി ഡ്രൈവിംഗ് ലൈസൻസുള്ളവരിൽ നിന്നും താഴെക്കാണുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

### വ്യവസ്ഥകളും നിബന്ധനകളും

1. ക്വട്ടേഷൻ പ്രകാരം ഡ്യൂട്ടി നിർവഹിക്കുവാൻ ഒരു ദിവസം ലഭിക്കേണ്ട വേതന തുക ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കണം.
2. വെള്ളക്കടലാസിൽ, എൽഡിവി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ജോലിക്ക് ഒരാൾക്ക് ഒരു ദിവസം ലഭിക്കേണ്ട കുറഞ്ഞ തുക, രേഖപ്പെടുത്തി മൊബൈൽ നമ്പറും പൂർണ്ണ മേൽവിലാസവും സഹിതം പേരെഴുതി ഒപ്പിട്ട് കവറിൽ അടക്കം ചെയ്ത് സീൽ ചെയ്താണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്. കവറിനു പുറത്ത് ' ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലെ എൽഡിവി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ജോലിക്കുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
3. ഇപ്രകാരം തയ്യാറാക്കുന്ന ക്വട്ടേഷനുകൾ **10/10/2023** ന് ഉച്ചക്കു ശേഷം 2 മണിക്ക് മുൻപായി ' പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം' എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. അന്നേ ദിവസം 2.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ആ സമയത്ത് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ വ്യക്തിയെ ഡ്രൈവിംഗ് പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം അനുയോജ്യനാണെങ്കിൽ മാത്രം അദ്ദേഹത്തിന്റെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.
4. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി ഓഫീസിൽ നിന്നും നിർദേശിക്കുന്ന ദിവസം മുതൽ അസ്സൽ പ്രമാണങ്ങളോടെ ജോലിക്ക് ഹാജരാകേണ്ടതാണ്.
5. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി തൊഴിലിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ ഒരു വർഷക്കാലം ക്വട്ടേഷൻ നിബന്ധനകൾ അനുസരിച്ച് ഈ സ്ഥാപനത്തിൽ തുടരാൻ തയ്യാറാണ് എന്ന് 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ എഴുതി നൽകേണ്ടതാണ്.
6. നിയമിക്കപ്പെടുന്ന വ്യക്തി സ്ഥാപന മേധാവി /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയാണെങ്കിൽ മാസത്തിലെ എല്ലാ ദിവസവും (ഒഴിവ് ദിവസങ്ങൾ ഉൾപ്പടെ, 24 മണിക്കൂറും) ഔദ്യോഗിക കൃത്യം നിർവഹിക്കാൻ സന്നദ്ധനാവേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദേശാനുസരണമാണ് ജോലി ചെയ്യേണ്ടത്. അദ്ദേഹം നിർദേശിക്കുന്ന ദിവസങ്ങളിൽ ചെയ്യുന്ന ഡ്യൂട്ടിയ്ക്ക് മാത്രമേ ക്വട്ടേഷൻ തുകയ്ക്ക് അർഹതയുണ്ടാവുകയുള്ളൂ.
7. ഡ്രൈവിംഗ് ജോലി ഇല്ലാത്ത സമയങ്ങളിൽ ഓഫീസ് ജോലികളിൽ സഹായിക്കേണ്ടതാണ്.

8. എൽഡിവി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ജോലിക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തി സത്യവാങ്മൂലം നൽകേണ്ടതാണ്.
9. ക്വട്ടേഷൻ കാലയളവിൽ നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് എൽഡിവി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ജോലിക്ക് അർഹമായ വേതനത്തിന് പുറമെ, കേരള കാർഷിക സർവകലാശാലയുടെ യാതൊരുവിധ ആനുകൂല്യങ്ങൾക്കോ നിയമനങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
10. ജോലിക്കിടെ അപകടം, മരണം എന്നിവ ഉണ്ടാവുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട് യാതൊരുവിധ നഷ്ടപരിഹാരങ്ങൾക്കും കേരള കാർഷിക സർവകലാശാലയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതല്ല.
11. നിയമാനുസരണം ബാധകമായ നികുതികൾ (*തൊഴിൽ നികുതി* തുടങ്ങിയവ) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിയിൽ നിന്ന് ഈടാക്കുന്നതാണ്.
12. ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തിയുടെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ കാരണം കാണിക്കാതെ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം പ്രൊഫസർ & ഹെഡിൽ നിക്ഷിപ്തമായിരിക്കും.
13. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
14. ക്വട്ടേഷനുകൾ സ്വീകരിക്കുവാനോ മാറ്റി വെയ്ക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ഈ കേന്ദ്രത്തിന്റെ മേധാവിയിൽ നിക്ഷിപ്തമാണ്.

**(ഒപ്പ്)**
ഡോ. മുസ്തഫ കുന്നത്താടി
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ് :

സർവ്വകലാശാല വെബ്സൈറ്റ് (ശ്രീ.ജുബൈൽ. ഇ, content Manager മുഖാന്തിരം) /നോട്ടീസ് ബോർഡ്- വില്ലേജ് ഓഫീസ് ആനക്കയം, ആനക്കയം ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ ആനക്കയം, ആനക്കയം സർവീസ് സഹകരണ ബാങ്ക്

പകർപ്പ :

സ്റ്റോക്ക് ഫയൽ/കരുതൽ/വാഹനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ